# Malayala Manorama

# 28 August 2018

# Varkala, Flood, Gurudeva Jayandi, Celebrations were Avoided

## പ്രാർഥനയുടെയും പൂജയുടെയും നിറവിൽ ഗുരുദേവ ജയന്തി



**പുണ്യസ്മരണയിൽ:** ശിവഗിരി മഹാസമാധിയിൽ നിന്നു ശ്രീനാരായണ ഗുരുദേവ റിക്ഷാപ്രയാണം നഗരപ്രദക്ഷിണത്തിനു പുറപ്പെടുന്നു. മഠം പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ, സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, സ്വാമി വിശാലാനന്ദ തുടങ്ങിയവർ സമീപം.

### പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷ പരിപാടികൾ ഒഴിവാക്കി

**മനോരമ ലേഖകൻ**

വർക്കല● ആഘോഷങ്ങൾ ഒഴിവാക്കി ശിവഗിരിയും ചെമ്പഴന്തിയും ശ്രീനാരായണ ഗുരുദേവ സ്മരണയിൽ മുഴുകി. പ്രളയ ദുരന്തത്തിൽ അകപ്പെട്ടവരോട് ഐക്യദാർഢ്യവും സഹായവും പ്രഖ്യാപിച്ചു ഗുരുദേവ ജയന്തി ആഘോഷങ്ങൾ ലഘൂകരിക്കാൻ ശിവഗിരി മഠവും ചെമ്പഴന്തി ഗുരുകുലവും തീരുമാനിക്കുകയായിരുന്നു.

ശിവഗിരിയിൽ ജയന്തി സമ്മേളനവും വൈകിട്ടത്തെ ഘോഷയാത്രയിലെ അലങ്കാരങ്ങളും ഒഴിവാക്കി. പുലർച്ചെ മുതൽ ശാന്തിഹവനം, വിശേഷാൽ പൂജ, ഗുരുപൂജ എന്നിവ ഉണ്ടായി.

ജയന്തി മുതൽ മഹാസമാധി വരെ നീളുന്ന ജപയജ്ഞത്തിനും തുടക്കമായി. ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ പതാക ഉയർത്തി.

ചെമ്പഴന്തിയിൽ നടത്താറുള്ള മതസൗഹാർദ ഘോഷയാത്ര ഒഴിവാക്കി. മതസൗഹാർദ സമ്മേളനവും ഒഴിവാക്കി. സമ്മേളനത്തിന്റെ ഉദ്ഘാടകനായി തീരുമാനിച്ചിരുന്ന പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല രാവിലെ ഗുരുകുലത്തിലെത്തി പ്രാർഥനയിൽ പങ്കെടുത്തു മടങ്ങി. കലാപരിപാടികളും ഇക്കുറി ഒഴിവാക്കിയിരുന്നു.

നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആളുകളെത്തി പ്രാർഥനകളിലും ഗുരുപൂജയിലും പങ്കെടുത്തു. അന്നദാനവും നടത്തി.

വൈകിട്ടു ഗുരുകുലത്തിലെത്തിയ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ചെമ്പഴന്തി ഗുരുകുലം പൊതുജനങ്ങളുടെ സഹകരണത്തോടെ നിർമിച്ചു നൽകിയ വീടിന്റെ താക്കോൽദാനം നിർവഹിച്ചു.